# ഡോ. ജി.പി.സി. നായർ ദേശീയ സ്വാശ്രയ പ്രൊഫഷണൽ കോളേജ് സംഘടനാ പ്രസിഡന്റ്



ദേശീയ സ്വാശ്രയ പ്രൊഫഷണൽ കോളേജ് സംഘടനാ പ്രസിഡന്റ് – ഡോ. ജി. പി. സി. നായരും സെക്രട്ടറി ജനറൽ പ്രൊഫ. സി. ഐ അബ്ദുൾ റഹിമാനും

ഹൈദരാബാദ് : ഫെഡറേഷൻ ഒഫ് അസോസിയേഷൻസ് ഒഫ് പ്രൈവറ്റ് അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജസിന്റെ ദേശീയ പ്രസിഡന്റായി കേരള അസോസിയേഷൻ പ്രസിഡന്റ് ഡോ. ജി.പി.സി നായരെ തിരഞ്ഞെടുത്തു.

ഹൈദരാബാദിൽ ചേർന്ന സംഘടനയുടെ വാർഷിക പൊതുയോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ്. അസോസിയേഷൻ ജനറൽ സെക്രട്ടറിയും കെ.എം.ഇ എൻജിനിയറിംഗ് കോളേജ് ഡയറകടറുമായ പ്രൊഫ. സി.ഐ. അബ്ദുൾ റഹിമാനെ സെക്രട്ടറി ജനറലായും കെ.എം.സി.ടി ഗ്രൂപ്പ് കോളേജ് ചെയർമാൻ ഡോ. കെ.എം. നവാസിനെ ട്രഷററായും തിരഞ്ഞെടുത്തു. കേരളത്തിൽനിന്നുള്ള റീജിയണൽ വൈസ് പ്രസിഡന്റായി സെന്റ് ഗിറ്റ്സ് കോളേജ് ചെയർമാൻ പുന്നൂസ് ജോർജിനെ തിരഞ്ഞെടുത്തു.

## പത്രപ്രവർത്തകർക്ക് കേന്ദ്ര പെൻഷൻ നടപ്പാക്കണം

തിരുവനന്തപുരം : അറുപതു വയസ് കഴിഞ്ഞവരും അതത് സംസ്ഥാന ഗവൺമെന്റിൽനിന്ന് പെൻഷൻ ലഭിച്ചുവരുന്നവരുമായ പത്രപ്രവർത്തകർക്കുവേണ്ടി കേന്ദ്ര പത്രപ്രവർത്തക പെൻഷൻ പദ്ധതി ആവിഷ്കരിക്കണമെന്ന് ജേർണലിസ്റ്റ് പെൻഷണേഴ്സ് അസോസിയേഷൻ ഒഫ് ഇന്ത്യ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. വർക്കിംഗ് ജേർണലിസ്റ്റ് വിഭാഗത്തിൽപ്പെടുത്തി സംസ്ഥാന പെൻഷൻ പദ്ധതിയിൽ ചേർന്നവർക്ക് പ്രതിമാസ പെൻഷൻ 5000 രൂപയാക്കി വർദ്ധിപ്പിക്കണമെന്നും അസോസിയേഷൻ ദേശീയ പ്രസിഡന്റ് പൂവച്ചൽ സദാശിവൻ, സെക്രട്ടറി മംഗലത്തുകോണം കൃഷ്ണൻ, കോ-ഓർഡിനേറ്റർ വിതുര ബേബി എന്നിവർ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. അസോസിയേഷന്റെ രജിസ്ട്രേഡ് ഓഫീസ് മാർച്ചിൽ ഉദ്ഘാടനം ചെയ്യുമെന്ന് അവർ പറഞ്ഞു.

## ശബരിമല നട 12-നു തുറക്കും

തിരുവനന്തപുരം : കുംഭമാസപൂജകൾക്കായി ശബരിമല ക്ഷേത്രം 12-ന് വൈകിട്ട് 5.30 ന് നട തുറന്ന് 17 രാത്രി 10 മണിക്ക് അടയ്ക്കും. 13 മുതൽ 17 വരെ പതിവു പൂജകളായ ഗണപതിഹോമം, ഉഷഃപൂജ, ഉച്ചപൂജ, അത്താഴപൂജ എന്നിവയ്ക്ക് പുറമെ വിശേഷാൽ പൂജകളായ പടിപൂജയും ഉദയാസ്തമയപൂജയും ഉണ്ടായിരിക്കും. ഈ 5 ദിവസങ്ങളിലും നെയ്യഭിഷേകം നടത്താം. മീനമാസ പൂജയ്ക്കും മീനം ഉത്രം ഉത്സവത്തിനുമായി മാർച്ച് 14-ന് വീണ്ടും നട തുറക്കും.

## ബി.ജെ.പിയുടെ വിലക്കയറ്റ വിരുദ്ധ സമരത്തിന് തുടക്കം

പാലക്കാട്: സംസ്ഥാനതലത്തിൽ ബി.ജെ.പി നടത്തുന്ന വിലക്കയറ്റ വിരുദ്ധസമരത്തിന് തുടക്കംകുറിച്ച് പ്രവർത്തകർ പാലക്കാട് ഹെഡ് പോസ്റ്റ് ഓഫീസ് ഉപരോധിച്ചു.

ആയിരങ്ങൾ പങ്കെടുത്ത ഉപരോധ സമരം സംസ്ഥാന പ്രസിഡന്റ് വി.മുരളീധരൻ ഉദ്ഘാടനം ചെയ്തു. മുരളീധരൻ ഉൾപ്പെടെ നിരവധി പ്രവർത്തകർ അറസ്റ്റുവരിച്ചു. രാവിലെ 7.30 ഓടെയാണ് ഉപരോധം ആരംഭിച്ചത്. ബി.ജെ.പി ജില്ലാ പ്രസിഡന്റ് സി. കൃഷ്ണകുമാർ അദ്ധ്യക്ഷതവഹിച്ചു.

### സാമൂഹ്യക്ഷേമ വകുപ്പിലെ കരാർ നിയമന നീക്കത്തിൽ

# പി. എസ്. സിക്ക് അതൃപ്തി

തിരുവനന്തപുരം : പി.എസ്.സിയുടെ ഉപദേശം മാനിക്കാതെ സാമൂഹ്യക്ഷേമ വകുപ്പിൽ 47 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തിൽ ഇന്നലെ കൂടിയ പി.എസ്.സി യോഗം അതൃപ്തി രേഖപ്പെടുത്തി.

സാമൂഹ്യക്ഷേമവകുപ്പിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തരുതെന്ന് രണ്ടുതവണ പി.എസ്.സി ഉപദേശിച്ചിരുന്നു.

ഇത് സർക്കാർ പരിഗണിക്കാത്തതിലുള്ള പി.എസ്.സിയുടെ പ്രതിഷേധം ഗവർണർക്ക് സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്താനും യോഗം തീരുമാനിച്ചു.

സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ച സാഹചര്യത്തിൽ ഇക്കാര്യം ഉൾപ്പെടുത്തി സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം ഭേദഗതി ചെയ്യണമെന്ന് പി.എസ്.സി യോഗം സർക്കാരിന് ഉപദേശം നൽകി. തൊഴിൽശാലകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് ഇതുമായി ബന്ധപ്പെട്ട വകുപ്പുകളും ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് യോഗം ശുപാർശ ചെയ്തു.

കെ.എസ്.ആർ.ടി.സിയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്താനുള്ള നീക്കം ഉപേക്ഷിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിന്റെ കരട് പരിശോധനയ്ക്കായി സമർപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

## സമുദായം തിരിച്ചുള്ള സാമൂഹിക സാമ്പത്തിക സർവേ വേണം: എൻ.എസ്.എസ്

കോട്ടയം : കേരളത്തിലെ ജനങ്ങളുടെ സമുദായം തിരിച്ചുള്ള സാമൂഹിക സാമ്പത്തിക സർവേ അടിയന്തരമായി നടത്തണമെന്ന് എൻ.എസ്.എസ് ആവശ്യപ്പെട്ടു. മുഖപത്രമായ സർവീസിന്റെ പുതിയ ലക്കം മുഖപ്രസംഗത്തിലാണ് ഈ ആവശ്യം. 1931-നുശേഷം സമുദായംതിരിച്ചുള്ള ജനസംഖ്യാ കണക്ക് എടുത്തിട്ടില്ല. സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു സംവിധാനത്തിന്റെ ചുമതലയിൽ സമുദായംതിരിച്ചുള്ള സാമൂഹിക സാമ്പത്തിക സർവേ നടത്തിയാൽമാത്രമേ യഥാർത്ഥ കണക്ക് ഉണ്ടാവുകയുള്ളു.

ജനസംഖ്യയിൽ പന്ത്രണ്ടു ശതമാനംമാത്രമേ നായർ സമുദായക്കാരുള്ളൂ എന്ന കണക്ക് ശരിയല്ല. 38 ശതമാനം തൊഴിൽ അവസരങ്ങൾ സമുദായം കരസ്ഥമാക്കി എന്നതും ശരിയല്ല. മുന്നാക്ക സമുദായങ്ങൾക്ക് മെരിറ്റിൽ കിട്ടുന്നതു സംബന്ധിച്ച് സമുദായം തിരിച്ചുള്ള ശതമാനക്കണക്കുകളൊന്നും ഇല്ലാത്തതിനാൽ ഈ പ്രചാരണം പച്ചക്കള്ളമാണെന്ന് എഡിറ്റോറിയൽ ചൂണ്ടിക്കാട്ടുന്നു.

## കൊല്ലത്തേക്കൊരു ഉല്ലാസ യാത്രയ്ക്ക് ഇന്ന് സമാരംഭം

ആലപ്പുഴ : കായലോര കാഴ്ചകൾകണ്ട് കൊല്ലംവരെയൊരു ഉല്ലാസയാത്രയ്ക്ക് ഇന്ന് ആലപ്പുഴയിൽ അരങ്ങൊരുങ്ങും.

പതിനാല് വർഷത്തിനുശേഷം ജലഗതാഗത വകുപ്പ് പുനരാരംഭിക്കുന്ന ആലപ്പുഴ-കൊല്ലം ടൂറിസ്റ്റ് ബോട്ട് സർവീസ് ഇന്നു രാവിലെ 9ന് ആലപ്പുഴ ബോട്ട് ജെട്ടിയിൽ ഗതാഗതവകുപ്പു മന്ത്രി ജോസ് തെറ്റയിൽ ഉദ്ഘാടനംചെയ്യും. മന്ത്രി ജി. സുധാകരൻ ഫ്ളാഗ്ഓഫ് ചെയ്യും.

75 പേർക്ക് യാത്രചെയ്യാവുന്ന രണ്ട് ഇരുനില ബോട്ടുകളാണ് 75 ലക്ഷം മുടക്കി ജലഗതാഗത വകുപ്പ് വാങ്ങിയത്. ഇരുപത് പേർക്ക് മുകൾത്തട്ടിൽ യാത്ര ചെയ്യാം. ആലപ്പുഴയിൽനിന്ന് രാവിലെ 10.30 ന് യാത്ര ആരംഭിക്കും. രണ്ടാമത്തെ ബോട്ട് ഇതേസമയം കൊല്ലത്തുനിന്ന് ആലപ്പുഴയിലേക്ക് തിരിക്കും. ഏഴു മണിക്കൂറാണ് യാത്രയ്ക്ക് വേണ്ടിവരിക. ടിക്കറ്റ് നിരക്ക് 300 രൂപ. മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് 50 രൂപയും വിദ്യാർത്ഥികൾക്ക് 50 ശതമാനവും ഇളവ് ലഭിക്കും.

## ക്ളാസ് തുടങ്ങി ആറു മാസം കഴിഞ്ഞു ;സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിലെ ഫീസ് കുറച്ചില്ല

**എം.വി. ഹരീന്ദ്രനാഥ്**

മലപ്പുറം: സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെരിറ്റ് സീറ്റിലെ ഫീസ് കുറയ്ക്കുമെന്ന സർക്കാർ വാഗ്ദാനം ക്ളാസ് തുടങ്ങി ആറു മാസക്കാലം കഴിഞ്ഞിട്ടും നടപ്പായില്ല. ഇടതുമുന്നണിയും ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളും ഒരുപോലെ ഫീസ് കുറയ്ക്കാൻ ആവശ്യപ്പെട്ടിരുന്നതാണ്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ ഏറെയും പ്രവ ർത്തിക്കുന്നത് സഹകരണ മേഖലയിലാണ്. സഹകരണമന്ത്രി ജി. സുധാകരനും ഫീസ് കുറയ്ക്കുന്ന കാര്യത്തിൽ അനുകൂലമായാണ് പ്രതികരിച്ചിരുന്നത്.

എൻജിനിയറിംഗ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി സർക്കാർ കോളേജിൽ 6250 രൂപ യാണ് ഫീസ് നൽകേണ്ടതെങ്കിൽ സ്വാശ്രയ കോളേജിൽ 25,000 രൂപ നൽകണം. എം. ബി. ബി. എസിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി സർക്കാർ കോളേജിൽ 25,000 രൂപയാണ് ഫീസ് നൽകുന്നത്. എന്നാൽ സ്വാശ്രയ കോളേജിൽ ഇത് 90,000 രൂപയാണ്. സർക്കാരിന്റെ അമിത ഫീസിനെതിരെ പരാതി ഉയർന്നപ്പോൾ ഫീസ് കുറയ് ക്കാമെന്ന് വിദ്യാഭ്യാസ മന്ത്രി ഉറപ്പ് നൽകിയിരുന്നു. പ്രോസ്പക്ടസിൽ ഫീസ് നിരക്ക് അച്ചടിച്ച് പ്രവേശന നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ഈ ഘട്ടത്തിൽ ഫീസ് കുറച്ചാൽ ഏതെങ്കിലും വിദ്യാർത്ഥി കോടതിയിൽ ചോദ്യം ചെയ്താൽ പ്രവേശന നടപടികൾ സ്തംഭി ക്കുമെന്നും പ്രവേശന നടപടികൾ പൂർത്തി യാക്കിയ ശേഷം ഫീസ് കുറക്കുമെന്നുമായിരുന്നു മന്ത്രിയുടെ നിലപാട്. എന്നാൽ എം. ബി. ബി. എസ്. ക്ലാസ്സുകൾ 2009 ആഗസ്റ്റ് ആദ്യ വാരത്തിലും എൻജിനിയറിംഗ് ക്ലാസ്സുകൾ ആഗസ്റ്റ് 17 നും ആരംഭിച്ചു.

## വനാവകാശ നിയമം: സർവേ വിലക്ക് നീക്കി

കൊച്ചി: വനാവകാശ നിയമം നടപ്പാക്കുന്നതിന്റ ഭാഗമായ സർവേ നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന വിലക്ക് ഹൈക്കോടതി നീക്കി.

നിയമം നടപ്പാക്കുന്നതിൽ അപാകത ചൂണ്ടിക്കാട്ടി വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ സമർപ്പിച്ച ഹർജിയിലാണ് നേരത്തേ സ്റ്റേ ഏർപ്പെടുത്തിയത്. ഒരേക്കറിൽ താഴെ ഭൂമിക്ക് അപേക്ഷ നല്കിയിട്ടുള്ള ആദിവാസികളും വനവാസികളും കുറഞ്ഞത് ഒരേക്കർ ഭൂമിക്കെങ്കിലും അപേക്ഷ നല്കണമെന്ന് നിർദ്ദേശിക്കുന്ന വ്യവസ്ഥ നടപ്പാക്കില്ലെന്ന് സർക്കാർ അറിയിച്ചതിനെത്തുടർന്നാണ് സ്റ്റേ നീക്കിയത്.

### തമ്പാനൂർ ലോഡ്ജ് ദുരന്തം

# ഉദ്യോഗസ്ഥരും ഉടമയും ഉത്തരവാദികളെന്നു കണ്ടെത്തി

**പ്രത്യേക ലേഖകൻ**

തിരുവനന്തപുരം: തമ്പാനൂരിലെ ഉഡുപ്പി ശ്രീനിവാസ് ലോഡ്ജ് തകർന്ന് ആറുപേർ മരിക്കാനിടയായ സംഭവത്തിന്റെ ഉത്തരവാദിത്വം നിയമം പാലിക്കാതെ പൊളിക്കാൻ അനുമതി നൽകിയ ഉദ്യോഗസ്ഥർക്കും മുൻകരുതൽ എടുക്കാതെ കെട്ടിടം പൊളിച്ച ഉടമയ്ക്കുമാണെന്ന് കണ്ടെത്തി. തമ്പാനൂർ ദുരന്തത്തെക്കുറിച്ച് റോഡ്സ് ആൻഡ് ബ്രിഡ്ജസ് എം.ഡി ടി. കെ. ജോസ് നടത്തിയ അന്വേഷണത്തിലാണ് ഈ കണ്ടെത്തൽ. കെട്ടിടം അറ്റകുറ്റപണിക്ക് റൂൾ 100 പ്രകാരമാണ് അനുമതി നൽകേണ്ടത്. ഉടമ ഈ റൂൾ പ്രകാരമാണ് അനുമതി ചോദിച്ചത്. ഇത് കെട്ടിടം പൊളിക്കാൻ കർശനമായ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശിക്കുന്ന നിയമമാണ്. എന്നാൽ കോർപ്പറേഷൻ ടൗൺ പ്ളാനിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റൂൾ 10 പ്രകാരമാണ് അനുമതി നൽകിയത്. അതായത് ടൂവീലർ ലൈസൻസിന് അപേക്ഷിക്കുന്നയാൾക്ക് ഹെവി ലൈസെൻസും ബാഡ്ജും ഒന്നിച്ച് നൽകിയതുപോലുള്ള നടപടി.

കെട്ടിടം അറ്റകുറ്റപണി നടത്തുമ്പോൾ ആർക്കിടെക്ടിന്റെയും സ്ട്രക്ചറൽ എൻജിനിയറുടെയും സാന്നിദ്ധ്യം ഉടമ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ സിവിൽ എൻജിനിയർമാർ മാത്രമാണ് സൈറ്റ് സന്ദർശിട്ടുള്ളത്. കേരളത്തിലെ എതാണ്ട് 30 വർഷത്തിൽ കൂടുതൽ പഴക്കമുള്ള തിയേറ്ററുകൾ, കല്ല്യാണമണ്ഡപങ്ങൾ, ലോഡ്ജുകൾ തുടങ്ങിയ കെട്ടിടങ്ങളുടെ ഭദ്രത ഉറപ്പാക്കുന്നതിനുള്ള കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടാകും ടി.കെ. ജോസ് സമർപ്പിക്കുക. ഇതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വേണ്ടി വരും.

ഒരു കെട്ടിടം പൊളിഞ്ഞ് തൊഴിലാളികൾക്ക് ജീവഹാനി സംഭവിക്കുകയും മറ്റും ചെയ്താൽ ആരാണ് നഷ്ടപരിഹാരം നൽകേണ്ടത് എന്നത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ അടുത്ത മാസം സമർപ്പിക്കുന്ന റിപ്പോർട്ടിലുണ്ടാവും.

## പൊയ്കയിൽ ശ്രീകുമാര ഗുരുദേവ ജന്മദിന ഉത്സവം 13 മുതൽ

തിരുവല്ല: പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപകൻ പൊയ്കയിൽ ശ്രീകുമാര ഗുരുദേവന്റെ 132-ാമത് ജന്മദിന ഉത്സവം 13 മുതൽ 19 വരെ സഭാ ആസ്ഥാനമായ ഇരവിപേരൂർ ശ്രീകുമാർ നഗറിൽ ആഘോഷിക്കും.

13ന് രാവിലെ 9ന് സഭാ പ്രസിഡന്റ് സി.പി. ദാമോദരൻ കൊടിയേറ്റും. 16ന് വൈകിട്ട് 3.30ന് നെല്ലാട് ജംഗ്ഷനിൽ നിന്ന് ശ്രീകുമാർ നഗറിലേക്ക് ഘോഷയാത്ര. പൊതുസമ്മേളനം കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർരവി ഉദ്ഘാടനം ചെയ്യും. 2ന് ജന്മദിന സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

19ന് രാവിലെ 6ന് കൊടിയിറക്കം. സഭാ പ്രസിഡന്റ് സി. പി. ദാമോദരൻ, വൈസ് പ്രസിഡന്റ് എം.എസ്. കുട്ടപ്പൻ, ജനറൽ സെക്രട്ടറിമാരായ പി. എസ്. ചെല്ലപ്പൻ, കെ. ഡി. രാജൻ, ഉന്നത കൗൺസിൽ അംഗങ്ങളായ വി. കെ. ചെല്ലകുമാർ, കെ. ടി. വിജയൻ, വി. ആർ. ഗോപി, വി. ടി. രാമൻ, ഗുരുകുല ഉപദേഷ്ടാവ് എം. ഭാസ്കരൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## മൂന്നാർ പ്രശ്നം കേരളത്തിൽ തീർക്കണം: ഇടതു നേതൃയോഗം

ന്യൂഡൽഹി : മൂന്നാർ പ്രശ്നം സംസ്ഥാനതലത്തിൽ ചർച്ചചെയ്തു പരിഹരിക്കണമെന്ന് ഡൽഹിയിൽ ചേർന്ന ഇടതുപക്ഷ പാർട്ടികളുടെ യോഗത്തിൽ തീരുമാനിച്ചു. മൂന്നാർ പ്രശ്നം മാദ്ധ്യമങ്ങൾ പെരുപ്പിച്ചു കാട്ടുകയാണെന്ന് സി.പി.ഐ വാദിച്ചു. ടാറ്റ അടക്കമുള്ള വൻകിട കൈയേറ്റങ്ങളെ ഒഴിപ്പിക്കണം. എന്നാൽ ചെറുകിടക്കാരുടെ കാര്യത്തിൽ ഇളവ് വേണം. ഇതാണ് സി.പി.എം നയമെന്ന് യോഗത്തിൽ പാർട്ടി ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് വിശദീകരിച്ചു.

## സായാഹ്ന കോടതികൾ ഉടൻ നിലവിൽ വരുമെന്ന് സർക്കാർ

കൊച്ചി: സായാഹ്ന കോടതികൾ സംസ്ഥാനത്ത് ഉടൻ പ്രാബല്യത്തിൽവരുമെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട് നഗരങ്ങളിലാണ് ആദ്യം കോടതി സ്ഥാപിക്കുക.

സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് കൂടുതൽ കോടതികൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ ലായേഴ്സ് കോൺഗ്രസ് സമർപ്പിച്ച ഹർജിയിലാണ് സർക്കാർ വിശദീകരണം.

## ഇടുക്കിയിലെ എസ്റ്റേറ്റുകൾ തുറക്കണം: ചെന്നിത്തല

തിരുവനന്തപുരം: ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ അടിയന്തരനടപടി വേണമെന്ന് ആവശ്യപ്പെട്ട് കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനു കത്ത് നൽകി.

തങ്കമല ആർ.ബി.ടി എസ്റ്റേറ്റിലെ തൊഴിലാളിദമ്പതികളുടെ 13 വയസ്സുള്ള മകൾ പട്ടിണിമൂലം അടുത്തിടെ മരിച്ചു. ധനസഹായമോ ചികിത്സയോ കിട്ടാതെ അനേകം തൊഴിലാളി കുടുംബങ്ങൾ ദുരിതമനുഭവിക്കുന്നു. മുഖ്യമന്ത്രി ചെയർമാനായ പ്ളാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി വർഷങ്ങളായി യോഗം ചേരുന്നില്ല. കുട്ടിയുടെ കുടുംബത്തിന് അടിയന്തരസഹായമായി മൂന്നു ലക്ഷം രൂപ അനുവദിക്കണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

## ജനശതാബ്ദിയിലെ പുക ഭീതി പരത്തി

തിരുവനന്തപുരം : ഓടിക്കൊണ്ടിരുന്ന ജനശതാബ്ദി എക്സ്പ്രസിൽ കണ്ട പുക പരിഭ്രാന്തി പരത്തി. കോഴിക്കോടുനിന്നും തിരുവനന്തപുരത്തേക്ക് വന്ന ജനശതാബ്ദി എക്സ്പ്രസ് അമ്പലപ്പുഴ സ്റ്റേഷനടുത്തെത്തിയപ്പോഴാണ് കോച്ചിനുള്ളിൽ പുക നിറഞ്ഞത്. യാത്രക്കാർ ഉടൻ ട്രെയിൻ പിടിച്ചുനിറുത്തി. എന്നാൽ ട്രാക്കിനരികിൽ പുല്ലിനു തീയിട്ടപ്പോൾ ഉയർന്ന പുകയാണ് ബോഗിയിൽ നിറഞ്ഞതെന്ന് കണ്ടെത്തി.

## ഐ.ജി സുധേഷ്കുമാർ എസ്.സി.ആർ.ബിയിൽ

തിരുവനന്തപുരം: ഐ.ജി സുധേഷ്കുമാറിനെ സ്റ്റേറ്റ് ക്രൈം റെക്കാഡ്സ് ബ്യൂറോയിലും എസ്.പിമാരായ പത്മനാഭനെ കണ്ണൂർ ക്രൈംബ്രാഞ്ചിലും എൻ.പി. ബാലകൃഷ്ണനെ കോഴിക്കോട് സ്പെഷ്യൽ ബ്രാഞ്ചിലും മാറ്റി നിയമിച്ചു.

## സംസ്ഥാന സഹ.കോളേജ് കലോത്സവം

തിരുവനന്തപുരം : രണ്ടാമത് സംസ്ഥാന സഹകരണ കോളേജ് കലോത്സവം ഫെബ്രുവരി 20, 21, 22 തീയതികളിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ നടക്കും.

# അറിയിപ്പുകൾ

## ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സ് പ്രവേശനം

2009ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിന്റെ പ്രോസ്പെക്ടസിലെ ക്ലോസ് VI (b) ൽ വരുത്തിയ ഭേദഗതി പ്രകാരം 'ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നുള്ള അപേക്ഷകരുടെ അഭാവത്തിൽ DME/DHS ലെ ഉദ്യോഗസ്ഥരെയും അവരുടെ അഭാവത്തിൽ മെഡിക്കൽ ഇൻഷ്വറൻസ് സർവീസിലെ ബി.ഫാം ബിരുദധാരികളെയും എം.ഫാം - ഫാർമക്കോഗ്നോസി ആൻഡ് ഫൈറ്റോ കെമിസ്ട്രി സീറ്റിലേക്ക് പരിഗണിക്കും. സംവരണ സീറ്റിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി, ഇൻഷ്വറൻസ് മെഡിക്കൽ സർവീസിലെ ബി.ഫാം ബിരുദധാരികളായ അപേക്ഷകരിൽ നിന്ന് പുതുതായി അപേക്ഷ ക്ഷണിച്ചു.

www.cee-kerala.org എന്ന പ്രവേശന പരീക്ഷാ കമ്മിഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള അപേക്ഷാഫാറം ഉപയോഗിച്ച് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അതിനുശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും 0210-03-105-99 എന്ന ഹെഡിൽ ട്രഷറിയിൽ 800 രൂപ ഫീസടച്ച ചെലാൻ രസീതും പ്രോസ്പെക്ടറിലെ ക്ലോസ് XII ൽ പറഞ്ഞിട്ടുള്ള രേഖകളും സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖാന്തരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ഫെബ്രുവരി 11നകം ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതുമാണ്.

സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2009ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിന്റെ പ്രോസ്പെക്ടസിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിന് മുൻപ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കണം.

## സ്പോർട്സ് ക്വാട്ട പ്രവേശനം

തിരുവനന്തപുരം : കൊച്ചിൻ യൂണിവേഴ്സിറ്റി ഒഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ 2010 അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിൽ കായിക താരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റിലേക്ക് സ്പോർട്സ് കൗൺസിൽ അപേക്ഷ ക്ഷണിച്ചു.

ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിക്കുന്ന അപേക്ഷാ ഫാറത്തിന്റെ കോപ്പി സ്പോർട്സ് പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി സഹിതം സെക്രട്ടറി, കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കണം.

2008-09, 2009-10 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ വിദ്യാഭ്യാസ ജില്ലയെയോ സ്പോർട്സ് സ്കൂളിനെയോ സ്പോർട്സ് ഹോസ്റ്റലിനെയോ പ്രതിനിധീകരിച്ച് സംസ്ഥാന സ്കൂൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയിട്ടുള്ളതാണ് കുറഞ്ഞ കായിക യോഗ്യത. മേൽ വർഷങ്ങളിലെ സ്പോർട്സ് പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷകൾ സ്പോർട്സ് പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് മുൻഗണനാക്രമത്തിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മാർക്ക് അനുവദിക്കുക.

യൂണിവേഴ്സിറ്റിയിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി തന്നെ ആയിരിക്കും സ്പോർട്സ് കൗൺസിലിലും അപേക്ഷ നൽകേണ്ട അവസാന ദിവസം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം സെക്രട്ടറി, കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-1.

# മത്സ്യകേരളം: ആനുകൂല്യം ഉയർത്തി

മത്സ്യ കേരളം പദ്ധതി അനുസരിച്ച് ചെമ്മീൻ കൃഷിക്കുള്ള ആനുകൂല്യം ഹെക്ടറിന് 20000 രൂപവരെയും ശുദ്ധജല മത്സ്യകൃഷിക്കുള്ള ആനുകൂല്യം ഹെക്ടറിന് 10000 രൂപവരെയും ഉയർത്തി. നേരത്തേ ഇത് യഥാക്രമം 10000 രൂപയും 6000 രൂപയുമായിരുന്നു. കൂടാതെ ചെമ്മീൻ/മത്സ്യക്കുഞ്ഞുങ്ങൾക്ക് വേണ്ടിവരുന്ന തുക കഴിച്ചുള്ള തുക മത്സ്യതീറ്റയിനത്തിലും ചെമ്മീൻ/മത്സ്യകൃഷി ഇൻഷ്വർ ചെയ്യുന്നതിന് ഗുണഭോക്തൃ വിഹിതമായ 25 ശതമാനം തുകയും ഇൻപുട്ട് സബ്സിഡിയിൽ ഉൾപ്പെടുത്തി കണക്കാക്കാനും അനുവദിച്ചു. ഉത്തരവ് പ്രകാരം ചെമ്മീൻ/മത്സ്യകൃഷിക്ക് ഈ പുതിയ ഇൻഷ്വറൻസ് പ്രീമിയത്തിന് കർഷകർ സ്വന്തമായി തുക കണ്ടെത്തേണ്ടതില്ല. അപേക്ഷ മാത്രം നൽകിയാൽ മതിയാകും. കാര ചെമ്മീൻ കൃഷി ഇൻഷ്വർ ചെയ്യുന്നതിന് ഹെക്ടറിന് 4000 രൂപയും നാരൻ ചെമ്മീൻ കൃഷിക്ക് 3371 രൂപയും മത്സ്യകൃഷിക്ക് ഹെക്ടറൊന്നിന് 2000 രൂപയുമാണ് പ്രീമിയമായി നിശ്ചയിച്ചിട്ടുള്ളത്. കർഷകർക്ക് കൃഷി നഷ്ടം സംഭവിച്ചാൽ കാര കൃഷിക്ക് ഹെക്ടറിന് 1.50 ലക്ഷം രൂപയും നാരൻ കൃഷിക്ക് 75000 രൂപയും മത്സ്യകൃഷിക്ക് 40000 രൂപയും നഷ്ടപരിഹാരമായി ലഭിക്കും.

## തൊഴിൽ പരിശീലനം : അപേക്ഷ ക്ഷണിച്ചു

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ മെക്കാനിക് മോട്ടോർ വെഹിക്കിൾ, വെൽഡർ (ആർക് വെൽഡിംഗ്, ഗ്യാസ് വെൽഡിംഗ്), ഇലക്ട്രീഷ്യൻ, പ്ളംബർ എന്നീ കോഴ്സുകളിൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം അസൽ സർട്ടിഫിക്കറ്റുകൾ, മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഫെബ്രുവരി ഒമ്പതിന് ഉച്ചയ്ക്ക് മൂന്ന് മണിക്ക് ആറ്റിങ്ങൽ ഐ.ടി.ഐ പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. യോഗ്യത, ഫീസ്, അപേക്ഷയുടെ മാതൃക എന്നിവ www.itiattingal.in സൈറ്റിൽ ലഭിക്കും. ടെലഫോൺ 04702622391.

## രക്ഷിതാകൾക്ക് പരിശീലനം

സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിൽ പഠിക്കുന്ന പ്രത്യേക പരിഗണനയർഹിക്കുന്ന 6500ൽപ്പരം കുട്ടികളുടെ രക്ഷിതാക്കൾക്കായി സീമാറ്റ് കേരളയും പൊതുവിദ്യാഭ്യാസ ഐ.ഇ.ഡി.സി സെല്ലും ഡയറ്റും സംയുക്തമായി മാനേജ്മെന്റ് പരിശീലനം നല്കും. 129 കേന്ദ്രങ്ങളിലാണ് പരിശീലനം. മാർച്ചിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയെഴുതുന്ന ഏഴായിരത്തിൽപ്പരം പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ സഹായിക്കുന്നതിന് അഞ്ഞൂറ് ഇന്റർപ്രട്ടേഴ്സിന് സീമാറ്റ് കേരളയുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ ഐ.ഇ.ഡി.സി സെല്ലും ഡയറ്റും 14 ജില്ലാകേന്ദ്രങ്ങളിൽ പ്രത്യേക മാനേജ്മെന്റ് പരിശീലനം നല്കും.

**തിരുവനന്തപുരം**

## ഡെപ്യൂട്ടി കൺട്രോളർ

ലീഗൽ മെട്രോളജി വകുപ്പിൽ ഡെപ്യൂട്ടി കൺട്രോളറായി സ്ഥാനക്കയറ്റം ലഭിച്ച സി. രാധാകൃഷ്ണപിള്ളയെ തിരുവനന്തപുരത്ത് സൗത്ത് സോണിലും, കെ.പി. ജയശ്രീയെ എറണാകുളത്ത് സെൻട്രൽ സോണിലും നിയമിച്ചു.

## അസിസ്റ്റന്റ് കൺട്രോളർ

ലീഗൽ മെട്രോളജി വകുപ്പിൽ അസിസ്റ്റന്റ് കൺട്രോളറായി സ്ഥാനക്കയറ്റം ലഭിച്ച പി. രാമസുന്ദരത്തെ പാലക്കാടും, ജെ.സി. ജീസണെ കോഴിക്കോട് ഫ്ളൈയിംഗ് സ്ക്വാഡിലും, കെ.വി. ശശീന്ദ്രനെ മലപ്പുറത്തും, എം.എസ്. ഉമാശങ്കറിനെ എറണാകുളത്തും, എം.ആർ. ശ്രീകുമാറിനെ ഇടുക്കിയിലും നിയമിച്ചു. അസിസ്റ്റന്റ് കൺട്രോളർ ആർ. റീനാഗോപാലിനെ കോട്ടയത്തും, തങ്കപ്രസാദിനെ തിരുവനന്തപുരത്തും ഫ്ളൈയിംഗ് സ്ക്വാഡിൽ മാറ്റി നിയമിച്ചു.

## പുന:സംഘടിപ്പിച്ചു

അൺഎയ്ഡഡ് പ്രൊഫഷണൽ കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ന്യൂനപക്ഷ പദവി സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുന്ന കമ്മിറ്റി ജസ്റ്റിസ്. പി.എ. മുഹമ്മദ് ചെയർമാനായി പുന:സംഘടിപ്പിച്ചു. ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി/ആരോഗ്യ കുടുംബക്ഷേമം/കൃഷി സെക്രട്ടറിമാർ എന്നിവർ അംഗങ്ങളാണ്. കമ്മിറ്റിയുടെ കാലാവധി മൂന്ന് വർഷമാണ്.

## ഡയറക്ടർ ബോർഡംഗം

ഗതാഗതവകുപ്പിന്റെ ചുമതലയുള്ള വനം, ഭവനനിർമ്മാണ വകുപ്പ് സെക്രട്ടറി ഡോ.ഡബ്ല്യു.ആർ. റെഡ്ഡിയെ കെ.എസ്.ആർ.ടി.സി ഡയറക്ടർ ബോർഡംഗമായി നിയമിച്ചു.

## പനയോല കരകൗശല ഉത്പന്ന നിർമ്മാണ പരിശീലനം

സംസ്ഥാന പനഉത്പന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം) പനയോലകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നല്കും. 18നും 50നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. അപേക്ഷ വെള്ളപേപ്പറിൽ തയ്യാറാക്കി ജാതിയും വയസും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, റേഷൻ കാർഡിന്റെയോ ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെയോ പകർപ്പ് എന്നിവ സഹിതം ഫെബ്രുവരി 15നകം നല്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാർച്ച് ഒന്നു മുതൽ കൊറ്റാമത്തുള്ള കെൽപാമിന്റെ ഫെസിലിറ്റി സെന്ററിൽ മൂന്ന് മാസത്തെ പരിശീലനം നല്കും. പ്രതിമാസം 600 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. വിലാസം -മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ, കെൽപാം ഹൗസ്, ആശുപത്രി ജംഗ്ഷൻ, നെയ്യാറ്റിൻകര, ഫോൺ 0471 2225005.

## സൗജന്യ പരിശീലനം

പട്ടികജാതി-വികസന വകുപ്പിന്റെ തിരുവനന്തപുരം ഗവ. പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ നടത്തുന്ന ടാക്സ് അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ (കംബൈൻഡ് ഗ്രാജ്വേറ്റ് ലെവൽ എക്സാമിനേഷൻ) പരീക്ഷകൾക്ക് സൗജന്യ പരിശീലനം നല്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ പട്ടികജാതി/വർഗക്കാർക്കും രണ്ട് ലക്ഷം രൂപവരെ കുടുംബവാർഷിക വരുമാനമുള്ള പിന്നാക്ക ന്യൂനപക്ഷ വിഭാഗക്കാർക്കും അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ പരിശീലനാർത്ഥികൾക്ക് 400 രൂപ നിരക്കിൽ സ്റ്റൈപ്പൻഡ് ലഭിക്കും. ഫെബ്രുവരി 22നകം അപേക്ഷിക്കണം. ഫോൺ -0471 2463441.

## റാങ്ക് ലിസ്റ്റ്

ആരോഗ്യ വകുപ്പിൽ (മലപ്പുറം) മോട്ടോർ മെക്കാനിക്ക് തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം പ്രസ് ക്ലബ് മന്ദിരത്തിലെ ഐ ആന്റ് പി.ആർ.ഡി. ഇൻഫർമേഷൻ സെന്ററിൽ പരിശോധിക്കാം.

## സീനിയോറിറ്റി ലിസ്റ്റ്

ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്/മ്യൂസിക് കോളേജ്/സംസ്കൃത കോളേജ്/ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് വിഷയാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചു. www.collegiateedu.kerala.gov.in സൈറ്റിൽ ലഭിക്കും. പരാതി സ്ഥാപന മേധാവി മുഖാന്തിരം മാർച്ച് ആറിനകം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നല്കണം.

## ഇ ഗവേണൻസ് അവാർഡ് തീയതി നീട്ടി

സംസ്ഥാന സർക്കാരിന്റെ 2009 ലെ ഇ ഗവേണൻസ് അവാർഡിന് സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ (ഐ.എം.ജി) അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചു.

## ഗസ്റ്റ് ലക്ചറർ

ഗവൺമെന്റ് വിക്ടോറിയ കോളേജിൽ മാത്തമാറ്റിക്സ് വിഭാഗം ഗസ്റ്റ് ലക്ചറർ ഒഴിവുണ്ട്. യു.ജി.സി നെറ്റ് ഉള്ളവർക്ക് മുൻഗണന. അവരുടെ അഭാവത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് ബിരുദാനന്തര ബിരുദതലത്തിൽ നേടിയവരെയും പരിഗണിക്കും. അസൽ രേഖകൾ സഹിതം ഫെബ്രുവരി 15ന് രാവിലെ 10.30ന് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം.

## ലാറ്ററൽ എൻട്രി സമ്മതപത്രം ക്ഷണിച്ചു

2010-11 ലെ ലാറ്ററൽ എൻട്രി ബി.ടെക് 2-ാം വർഷ/മൂന്നാം സെമസ്റ്റർ പ്രവേശനത്തിന് കേരളത്തിലെ എല്ലാ സ്വാശ്രയ എൻജിനിയറിംഗ് കോളേജുകളിൽ നിന്നും സമ്മതപത്രം ക്ഷണിച്ചു. സമ്മതപത്രം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഫെബ്രുവരി 17നു മുമ്പ് നല്കണം. കൂടുതൽ വിവരം www.dtekerala.gov.in സൈറ്റിൽ ലഭിക്കും.

## സസ്പെൻഡു ചെയ്തു

പൊതുമരാമത്ത് വകുപ്പിൽ കോഴിക്കോട് ഇൻവെസ്റ്റിഗേഷൻ ആൻഡ് പ്ലാനിംഗ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ഓഫീസിലെ മൂന്നാം ഗ്രേഡ് ഓവർസിയർ കെ. വിജയനെ അന്വേഷണ വിധേയമായി സർവീസിൽനിന്നും സസ്പെൻഡുചെയ്തു. അനധികൃതമായി സ്വത്ത് സമ്പാദിച്ചുവെന്ന വിജിലൻസ് കേസിനെത്തുടർന്നാണ് നടപടി.

## പി.എസ്.സി.ഇന്റർവ്യൂ

വിദ്യാഭ്യാസ വകുപ്പിൽ (കോട്ടയം) ഹൈസ്കൂൾ അസിസ്റ്റന്റ് (ഗണിതശാസ്ത്രം) തസ്തികയിലേയ്ക്ക് ഫെബ്രുവരി 17 നും ഫുൾടൈം ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലേയ്ക്ക് 18, 19 തിയതികളിലും ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) ചുരുക്കപ്പട്ടികയിലെ മെയിൻ ലിസ്റ്റിൽ 3301 വരെ രജിസ്റ്റർ നമ്പർകാർക്ക് 23, 24, 25 തീയതികളിലും കോട്ടയം ജില്ലാ പി.എസ്.സി.ഓഫീസിൽ ഇന്റർവ്യൂ നടത്തും.

## ഷോർട്ട് ലിസ്റ്റ്

വിദ്യാഭ്യാസ വകുപ്പിൽ (കാസർകോട്) ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലേയ്ക്കുള്ള ഷോർട്ട്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം പ്രസ്ക്ലബ് മന്ദിരത്തിലെ ഐ ആന്റ് പി.ആർ.ഡി ഇൻഫർമേഷൻ സെന്ററിൽ പരിശോധിക്കാം.

## കേരള യൂണിവേഴ്സിറ്റി

### ആറാം സെമസ്റ്റർ ഡിഗ്രി പരീക്ഷ മാർച്ച് 23 മുതൽ

മാർച്ച് ഒന്നിന് തുടങ്ങാനിരുന്ന ആറാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം (വൊക്കേഷണൽ ആൻഡ് റീ സ്ട്രക്ച്ചേഡ്)/ബി.ബി.എ/ബി.എസ്സി ഇലക്ട്രോണിക്സ്/ബി.എസ്സി കംപ്യൂട്ടർ സയൻസ്/ ബി.കോം (ത്രീമെയിൻ)/ ബി.സി.എ. പരീക്ഷകൾ മാർച്ച് 23-ന് തുടങ്ങും.

### എം.ബി.എ പ്രവേശന പരീക്ഷാഫലം

വിദൂരപഠന എം.ബി.എ പ്രവേശനത്തിനുള്ള താത്കാലിക സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഫലം വെബ്സൈറ്റിലുണ്ട്. പ്രവീൺ. വി (റോൾ നമ്പർ 1198) ഒന്നാം സ്ഥാനം നേടി.

### എം.ഡി. പരീക്ഷാഫലം

2009 ഡിസംബറിൽ നടത്തിയ എം.ഡി (ഹോമിയോപ്പതി) പാർട്ട് ഒന്ന് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### എം.ബി.എ ഹാൾടിക്കറ്റ്

ഒന്നാം സെമസ്റ്റർ വിദൂരപഠന എം.ബി.എ പരീക്ഷയുടെ ഹാൾടിക്കറ്റ് ഫെബ്രുവരി 10, 11 തീയതികളിൽ കാര്യവട്ടം ഐ.ഡി.ഇ, കൊല്ലം യു.ഐ.ടി സെന്റർ എന്നിവിടങ്ങളിൽ വിതരണംചെയ്യും.

### ബി.എസ്സി പരീക്ഷാഫലം

2009 സെപ്റ്റംബർ/ ഒക്ടോബറിൽ നടത്തിയ അവസാനവർഷ ബി.എസ്സി സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒന്നുവരെ അപേക്ഷിക്കാം. അടുത്ത പരീക്ഷയ്ക്ക് പിഴയില്ലാതെ ഫെബ്രുവരി 19 (50 രൂപ പിഴയോടുകൂടി ഫെബ്രുവരി 23, 250 രൂപ പിഴയോടുകൂടി ഫെബ്രുവരി 27) വരെ അപേക്ഷിക്കാം.

### എം.ബി.എ (ഐ.ഡി.ഇ) പരീക്ഷ മാർച്ച് മൂന്നിന്

ഫെബ്രുവരി 26-ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ വിദൂരപഠന എം.ബി.എ (2008-10 ബാച്ച്) 'ഓർഗനൈസേഷണൽ ബിഹേവിയർ' പരീക്ഷ മാർച്ച് മൂന്നിന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തും.

### ബി.എ. ഇക്കണോമിക്സ് സമ്പർക്കക്ലാസ്

വിദൂര പഠനകേന്ദ്രത്തിലെ മൂന്നാം വർഷ ബി.എ ഇക്കണോമിക്സ് വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 11 -നും ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 16, 17 തീയതികളിലും കാര്യവട്ടത്ത് സമ്പർക്കക്ലാസ് നടത്തും.

### ബി.എ. മാർക്ക് ലിസ്റ്റ്

വിദൂരപഠനകേന്ദ്രത്തിലെ ഒന്നാം വർഷ ബി.എ വിദ്യാർത്ഥികളിൽ ഗവ. ആർട്സ് കോളേജിൽ പരീക്ഷയെഴുതിയവരുടെ മാർക്ക് ലിസ്റ്റ് ഹാൾടിക്കറ്റുമായെത്തി ഐ.ഡി.ഇയിൽ നിന്ന് വാങ്ങണം.

### പരാതികൾ ചെയർമാന് സമർപ്പിക്കണം

വിദൂരപഠന കേന്ദ്രത്തിൽ സമർപ്പിക്കാനുള്ള പരാതികൾ ചെയർമാൻ, സ്റ്റുഡന്റ്സ് ഗ്രീവൻസ് റിഡ്രസൽ ഫോറം, ഐ.ഡി.ഇ, കേരള സർവകലാശാല, കാര്യവട്ടം - 695 581 എന്ന വിലാസത്തിൽ അയയ്ക്കണം.

## അപേക്ഷയിൽ ചേർക്കേണ്ടത് പോർട്ടലിലെ രജി. നമ്പർ

മാർച്ചിൽ നടക്കുന്ന ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് ശാരീരിക അവശത അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ/ വിവിധ കലാകായിക മത്സരവിജയികൾക്കുള്ള ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ/ നോമിനൽ റോളിലുള്ള തെറ്റ് തിരുത്തലിനുള്ള അപേക്ഷകൾ എന്നിവ സ്കൂളിൽ നിന്ന് സമർപ്പിക്കുമ്പോൾ അവയിൽ രേഖപ്പെടുത്തേണ്ടത് 30.01.2010-ന് ഹയർസെക്കൻഡറി വെബ്പോർട്ടലിൽ പ്രസിദ്ധീകരിച്ച അന്തിമ നോമിനൽ റോളിലുള്ള രജിസ്റ്റർ നമ്പരാണ്.

## കെ.ജി.സി.ഇ പരീക്ഷ

തിരുവനന്തപുരം : 2010 ജൂണിൽ നടത്തുന്ന കെ.ജി.സി.ഇ പരീക്ഷയ്ക്ക് ഫൈൻ ഇല്ലാതെ ഫീസടയ്ക്കേണ്ട അവസാന തീയതി മാർച്ച് 15 ആണ്. 25 രൂപ ഫൈനോടുകൂടി 22-നും 50 രൂപ ഫൈനോടുകൂടി 29-നും ഫീസടയ്ക്കാം. പരീക്ഷയുടെ നോട്ടിഫിക്കേഷൻ tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.